"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീമതി.മഞ്ജു.എസ് അർഹതപ്പെട്ട സർവീസ് കാലാവധിയും സീനിയോറിറ്റിയും പുനഃ സ്ഥാപിച്ച് നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1990/2023നമ്പർ കേസിന്മേലുള്ള 10.11.2023ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മൃഗസംരക്ഷണ-(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.400/2024/AHD തീയതി,തിരുവനന്തപുരം, 02-07-2024

പരാമർശം:-

1. ശ്രീമതി.മഞ്ജു.എസ് 02/11/2023 തീയതിയായി സർക്കാരിൽ സമർപ്പിച്ച നിവേദനം(Annexure A10)
2. . OA 1990/2023നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10/11/2023 തീയതിലെ അന്തിമ വിധിന്യായം
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 27/12/2023 തീയതിയിലെ AHD/7498/2023-J1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീമതി.മഞ്ജു.എസ് തനിക്ക് അർഹതപ്പെട്ട സർവീസ് കാലാവധിയും സീനിയോറിറ്റിയും പുനഃസ്ഥാപിച്ച് നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന് ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA 1990/2023 നമ്പറായി കേസും ഫയൽ ചെയ്തിരുന്നു. ടി കേസിന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ അന്തിമ വിധി പകർപ്പ് കിട്ടി 3 മാസത്തിനകം അപേക്ഷകയെ നേരിൽ കേട്ട് Annexure A10 അപേക്ഷയിൽ തീരുമാനമെടുക്കാൻ രണ്ടാം എതിർകക്ഷിയായ മൃഗസംരക്ഷണവകുപ്പ് സെക്രട്ടറി-ക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ശ്രീമതി.മഞ്ജു.എസ് 26/04/2011-ൽ പി എസ് സി പ്രസിദ്ധീകരിച്ച ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും 05/10/2019 തീയതിയിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടി തസ്തികയിലേയ്ക്കുള്ള ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കുന്ന സമയത്ത് പി എസ് സി ടിയാനെ ചുരുക്ക പട്ടികയിൽ നിന്ന് ഒഴിവാക്കിയിരുന്നു. തുടർന്ന് അപേക്ഷക കോടതിയെ സമീപിക്കുകയും ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ 31 സ്ഥാനത്ത് താല്ക്കാലികമായി ഉൾപ്പെടുകയും ചെയ്തു.
റാങ്ക് പട്ടികയിൽ ഉൾപ്പെട്ട 71 പേർക്ക് പി എസ് സി നിയമന ശിപാർശ നൽകുകയും കോടതി അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ അപേക്ഷകയെ ഒഴിവാക്കിയാണ് നിയമന ശിപാർശ നൽകിയിരുന്നത്. 27/03/2015-ൽ അപേക്ഷകയ്ക്ക് അനുകൂലമായി ബഹു ട്രിബ്യൂണൽ വിധി പുറപ്പെടുവിക്കുകയും പ്രസ്തുത വിധിന്യായത്തിനെതിരെ പി എസ് സി അപ്പീൽ

നൽകിയിരുന്നുവെങ്കിലും ട്രിബ്യൂണലിന്റെ വിധിന്യായം ശരി വയ്ക്കുകയും റാങ്ക് പട്ടികയിൽ 31 സ്ഥാനത്ത് സ്ഥിരപ്പെടുത്തുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. തുടർന്ന് 24/08/2019 ൽ നിയമന ശിപാർശ ലഭിക്കുകയും 05/10/2019-ൽ അപേക്ഷക സർവീസിൽ പ്രവേശിക്കുകയുമുണ്ടായി.

3. മൃഗസംരക്ഷണ വകുപ്പ് 01/09/2016 തീയതിയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ പുതുക്കിയ സീനിയോറിറ്റി പ്രസിദ്ധീകരിക്കുകയുണ്ടായി. തന്റേതല്ലാത്ത കാരണത്താൽ നിയമന ശിപാർശയിൽ നിന്നും ഒഴിവാക്കപ്പെട്ടതിനാലും, കോടതിയുടെ അന്തിമ തീർപ്പ് വരാൻ കാലതാമസം ഉണ്ടായതിനാലും, റാങ്ക് പട്ടിക പ്രകാരം 31 സ്ഥാനത്തിന് അപേക്ഷക അർഹയാണെന്ന് ബഹു ഹൈക്കോടതി കണ്ടെത്തി തീർപ്പ് കല്പിച്ചതിനാലും 29.08.2011 ൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ അതേ തീയതി മുതൽ നിയമനം ലഭിച്ചതായി കണക്കാക്കാൻ യോഗ്യതയുള്ളതിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെട്ട സേവന കാലാവധിയും, സീനിയോറിറ്റി അനുവദിച്ചുതരണമെന്നാണ് Annexure A10 - നിവേദനപ്രകാരം ആവശ്യപ്പെട്ടിരുന്നത്.

4. ശ്രീമതി.മഞ്ജു.എസ് സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം (3) പ്രകാരം ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.ശ്രീമതി മഞ്ജു. എസ് കാറ്റഗറി നമ്പർ 135/2008 പ്രകാരം ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് 26/04/2011 ന് പി.എസ്.സി പ്രസിദ്ധീകരിച്ച ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് പട്ടികയുടെ മുന്നോടിയായുള്ള ചുരുക്കപട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടുകയും ബഹു.കോടതിയുടെ ഇടക്കാലവിധിയെത്തുടർന്ന് ടി റാങ്ക് പട്ടികയുടെ 31 ആം സ്ഥാനത്തു താൽകാലികമായി ഉൾപ്പെടുത്തുകയും, കോടതിയുടെ അന്തിമ തീർപ്പ് വരാത്തതിനാൽ ടിയാളെ ഒഴിവാക്കി ബാക്കി 71 പേർക്ക് നിയമന ശുപാർശ നൽകുകയുമുണ്ടായി. പി.എസ്. സിയുടെ 27/07/2011 ലെ DTG(3) 2104/08 നമ്പർ നിയമനശുപാർശയിൽ "ക്രമ നമ്പർ 31- details will be intimated later" എന്ന് രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത ക്രമ നമ്പർ 31 ശ്രീമതി മഞ്ജു. എസ് ആണെന്ന് 24/08/2019 ലെ DTG(3) 2104/08 നമ്പർ നിയമന ശുപാർശയിൽ രേഖപ്പെടുത്തിയിരുന്നതായി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. OP(KAT) No. 327 of 2015 മേൽ ബഹു ഹൈക്കോടതിയുടെ 30/05/2019 ലെ ഉത്തരവ് പ്രകാരം ടി ഉദ്യോഗാർത്ഥിയുടെ നിയമന ശിപാർശ പി.എസ്.സി റിലീസ് ചെയ്യുകയും നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുകയുമുണ്ടായി. 01/10/2019 ലെ DAHO/TVM/887/2019-8 നിയമന ഉത്തരവ് പ്രകാരം 05/10/2019 നു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ശ്രീമതി മഞ്ജു .എസ് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

6. 2012 ൽ ബഹു ഹൈക്കോടതിയിൽ നിന്നും പ്രസ്തുത കേസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറുകയും 27/03/2015 ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും ടിയാരിയ്ക്ക് അനുകൂലമായ വിധിയുണ്ടാവുകയും ചെയ്തു. തുടർന്ന് കേരള പി എസ് സി, മേൽകോടതിയിലേയ്ക്ക് അപ്പീൽ നൽകുകയും തുടർ വാദത്തിനു ശേഷം 30/05/2019 നു ബഹു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തതിനാൽ 24/08/2019 നു നിയമന ശുപാർശ ചെയ്യപ്പെട്ടു. എന്നാൽ നിയമന ശിപാർശയിൽ സീനിയോരിറ്റി സംബന്ധിച്ച് പി. എസ്.സി അഭിപ്രായമെന്നും രേഖപ്പെടുത്തിയിരുന്നില്ല.

7. വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ( from open market) തസ്തികയിലേക്ക് കാറ്റഗറി നമ്പർ 135/2008 പ്രകാരം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II (from open market) തസ്തികയിലേക്ക് നിയമന ശിപാർശയിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും നിയമനശിശുപാർശ തടഞ്ഞുവയ്ക്കപ്പെടുകയും ബഹു ഹൈക്കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ 24/08/2019 ന് നിയമന ശിപാർശ റിലീസ് ചെയ്യുകയും ചെയ്യപ്പെട്ട ശ്രീമതി.മഞ്ജു.എസ്-നു ടിയാരിയ്ക്കു റൊട്ടേഷനിൽ ഉൾപ്പെട്ട തീയതിയായ 27/07/2011 മുതലുള്ള Earliest Effective Advice(EEA) അനുവദിക്കാൻ ഉത്തരവായിട്ടുള്ള വിവരം ജില്ലാ പി എസ് സി ഓഫീസറിൽ നിന്നും

അറിയിച്ചിട്ടുള്ളതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. തിരുവനന്തപുരം ജില്ലാ പി എസ് സി ആഫീസറുടെ 24/08/2019 ലെ DTG(3) 2104/08 നമ്പർ കത്ത് പ്രകാരമുള്ള നിയമനശിപാർശ പ്രകാരമാണ് ശ്രീമതി മഞ്ജു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജോലിയിൽ പ്രവേശിച്ചത്. ടി നിയമന ശുപാർശയിൽ 27/07/2011 ലെ നിയമന ശിപാർശയിലെ ക്രമനമ്പർ 31 ശ്രീമതി മഞ്ജു ആണെന്നും തടഞ്ഞുവച്ചിരുന്ന ടിയാരിയുടെ നിയമന ശിപാർശ ബഹു ഹൈക്കോടതി ഉത്തരവ് പ്രകാരം റിലീസ് ചെയ്യുന്നുവെന്നും രേഖപ്പെടുത്തിയിരുന്നു.

9 വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 01/09/2016 പ്രാബല്യത്തിലുള്ള (നിലവിലുള്ളത്) അന്തിമ മുൻഗണനപ്പട്ടികയിലെ ക്രമനമ്പർ 2101 ശ്രീ കിരൺകുമാർ.എസ് മുതൽ 2160 ശ്രീ നാഗേഷ് കുമാർ.ബി.ആർ വരെയുള്ളവർ 27/07/2011 ലെ നിയമന ശുപാർശയിൽ ഉൾപ്പെട്ടുന്നവരാണ്. ടി നിയമന ശിപാർശയിൽ ശ്രീമതി.മഞ്ജുവിന്റെ സ്ഥാനം ശ്രീമതി.ജിഷ.ടി.എ (ക്രമനമ്പർ-2124) യുടെ പേരിനു താഴെയും, ശ്രീ.ശ്രീജിത്ത്.എ.എം- (ക്രമനമ്പർ-2125) ന്റെ പേരിനു മുൻപിലുമാണ്. ആയതിനാൽ 01/09/2016 പ്രാബല്യത്തിലുള്ള അന്തിമ മുൻഗണനപ്പട്ടികയിൽ ശ്രീമതി.മഞ്ജുവിനെ, ശ്രീമതി.ജിഷ. ടി.എ യും ശ്രീ. ശ്രീജിത്ത്. എ.എം നുമിടയിൽ ക്രമനമ്പർ 2124-2, ആയി ഉൾപ്പെടുത്താവുന്നതാണ് എന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ ഉൾപ്പെടുത്തി വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസെക്ടർ ഗ്രേഡ് II തസ്തികയിലുള്ള ജീവനക്കാരുടെ 01/10/2023 അടിസ്ഥാനമാക്കിയുള്ള താൽക്കാലിക മുൻഗണനാപട്ടിക പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നുണ്ടെന്നും പരാമർശം(2) പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10. ശ്രീമതി.മഞ്ജു.എസ് ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1990/2023 നമ്പർ കേസിന്മേൽ ബഹു. ട്രിബ്യൂണൽ 10/11/2023 തീയതിയിൽ പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ , അന്തിമ വിധി പകർപ്പ് കിട്ടി 3 മാസത്തിനകം അപേക്ഷകയെ നേരിൽ കേട്ട് Annexure A10 അപേക്ഷയിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ 04/03/2023-ന് മൃഗസംരക്ഷണ വകുപ്പ് അണ്ടർ സെക്രട്ടറി പരാതിക്കാരിയെ നേരിൽ കേൾക്കുകയുണ്ടായി.

11. ഹിയറിങ്ങ് വേളയിൽ പരാതിക്കാരി Annexure A10 അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ആവർത്തിക്കുകയും കൂടാതെ 29/08/2011 തീയതി കണക്കാക്കി സീനിയോറിറ്റി, സമയ ബന്ധിത ഹയർ ഗ്രേഡ്, യോഗ്യമായ സർവീസ് കാലയളവ് തുടങ്ങിയവയ്ക്ക് ബാധകമായി സേവന കാലം പുനർനിശ്ചയിക്കുന്നതിനോടൊപ്പം സർവീസിൽ നിന്നും മാറ്റി നിർത്തപ്പെട്ട കാലത്തെ ശമ്പളം ശമ്പള വർദ്ധനവുമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും അഡ്വൈസ് തീയതിയും നിയമന തീയതിയും 01/04/2013-ന് മുൻപ് ആയതിനാൽ KSR Part III പ്രകാരമുള്ള പെൻഷൻ ആനുകൂല്യം അനുവദിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

12. ശ്രീമതി.മഞ്ജു.എസ്.സമർപ്പിച്ച അപേക്ഷ നിലവിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും ഹിയറിങ്ങ് ഓഫീസറുടെ നിഗമനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ വിശദമായി പരിശോധിച്ചു. KS&SSRs ഭാഗം II ചട്ടം 27(C) പ്രകാരം, ഒരു തസ്തികയിലേയ്ക്ക് നിയമിതനാകുന്ന ഉദ്യോഗസ്ഥന്റെ മുൻഗണനാക്രമം നിശ്ചയിക്കപ്പെടുന്നത് പ്രസ്തുത തസ്തികയിലേയ്ക്ക പി.എസ്.സി നൽകുന്ന നിയമന ശിപാർശ തീയതി അടിസ്ഥാനത്തിലാണ്. ഈ കേസിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II വിഭാഗത്തിൽപ്പെട്ട ശ്രീമതി.മഞ്ജു-ന് റൊട്ടേഷനിൽ ഉൾപ്പെട്ട 27/07/2011 തീയതി മുതലുള്ള Earliest Effective Advice(EEA) അനുവദിക്കാൻ പി.എസ്.സി നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിലും, ടിയാന് റഗുലർ നിയമനം നൽകുന്നതിന് ബഹു.കോടതി ഉത്തരവിട്ടിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത Earliest Effective Advice(EEA) തീയതിയുടെ അടിസ്ഥാനത്തിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ടിയാന്റെ സീനിയോറിറ്റി പുന:ക്രമീകരിച്ച് നൽകാൻ ഡയറക്ടർക്ക്

നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

13. ശ്രീമതി.മഞ്ജു.എസ്-ന് റൊട്ടേഷനിൽ ഉൾപ്പെട്ട 27/07/2011 തീയതി മുതലുള്ള Earliest Effective Advice(EEA) അനുവദിക്കാൻ പി.എസ്.സി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾ റഗുലർ നിയമനത്തെ തുടർന്ന് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് 05/10/2019 തീയതി പ്രാബല്യത്തിലാണ്. കെ.എസ്.ആർ ഭാഗം I ചട്ടം 23(a) പ്രകാരം ജീവനക്കാരന് ഒരു തസ്തികയിൽ ചുമതലയേൽക്കുന്ന തീയതി മുതൽക്ക് മാത്രമാണ് പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട സേവനവേതന ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. Earliest Effective Advice(EEA) തീയതി മുതൽ സേവനത്തിൽ പ്രവേശിച്ച തീയതി വരെയുള്ള കാലയളവിൽ ശ്രീമതി.മഞ്ജു, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയോ, ടി തസ്തികയുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി കാലയളവിൽ ശമ്പളത്തിനോ, ഇൻക്രിമെന്റിനോ ടിയാൾക്ക് അർഹതയില്ല, ടിയാൾ റഗുലറായി ജോലിയിൽ പ്രവേശിച്ച 05/10/2019 തീയതി മുതൽക്ക് മാത്രമേ മേൽ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ. Earliest Effective Advice(EEA) തീയതി മുതൽ സേവനത്തിൽ പ്രവേശിച്ച തീയതി വരെയുള്ള കാലയളവിൽ ശ്രീമതി.മഞ്ജു, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയോ, ടി തസ്തികയുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി കാലയളവിൽ ശമ്പളത്തിനോ, ഇൻക്രിമെന്റിനോ അർഹതയില്ലാത്ത സാഹചര്യത്തിൽ ടി കാലയളവ് സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനും പരിഗണിക്കാൻ കഴിയുകയില്ല. അതായത്, ടിയാൾ സേവനത്തിൽ പ്രവേശിച്ചതുമുതലുള്ള നിർദിഷ്ട സേവനകാലയളവ് പൂർത്തിയാക്കുന്ന മുറക്ക് മാത്രമേ ചട്ടപ്രകാരം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ഹിയറിങ്ങ് വേളയിൽ അപേക്ഷക സമർപ്പിച്ച അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

14. ശ്രീമതി.മഞ്ജു.എസ് ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1990/2023 നമ്പർ കേസിന്മേൽ ബഹു. ട്രിബ്യൂണൽ 10/11/2023 തീയതിയിൽ പുറപ്പെടുവിച്ച അന്തിമ വിധിന്യായം ഇപ്രകാരം പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ABHILASH S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. മഞ്ജു.എസ് ചിത്തിര, മഹാദേവർ ക്ഷേത്രത്തിനു സമീപം തുങ്ങാംപാറ, കണ്ടല പോസ്റ്റ് തിരുവനന്തപുരം-695512
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം. കൊച്ചി.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(ADV-B3/82/2024-PandARD തീയതി 19/04/2024 പ്രകാരം)
ധനകാര്യ വകുപ്പ്(. Agri-B2/79/2024-FIN (2728632) തീയതി26/06/2024 പ്രകാരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
Date: 02-07-2024 11:17:11

സെക്ഷൻ ഓഫീസർ